ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്. ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എഡി.സി6/5697/2015/ഹ.സെ.വി** **തീയതി: 19/06/2015**

## സർക്കുലർ

വിഷയം: ഹ.സെ.വി – ജീവനക്കാര്യം – ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2015–16 വർഷത്തെ പൊതുസ്ഥലംമാറ്റം – അപേക്ഷകൾ ക്ഷണിക്കുന്നത് – സംബന്ധിച്ച്

സൂചന: 27/05/2015 ലെ സ.ഉ. (പി) 143/2015/പൊ.വി.വ നം. ഉത്തരവ്

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2015–16 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സൂചന സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി ക്ഷണിച്ചു. അപേക്ഷകൾ www.hscap.kerala.gov.in/transfer എന്ന വെബ്സൈറ്റ് മുഖേന **20/06/2015 മുതൽ 30/06/2015 വൈക്ട്ട് 5 മണിവരെ** അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഇതിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

### നിർദ്ദേശങ്ങൾ

1. മാതൃജില്ലയിൽ 5 വർഷം പൂർത്തീകരിച്ചുകഴിഞ്ഞ എല്ലാ അദ്ധ്യാപകരും നിർബന്ധമായും സ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സ്ഥലംമാറ്റത്തിനുനോടൊപ്പം ലഭ്യമായ ഒഴിവുകളിലേയ്ക്ക് ഇവരെ ഡയറക്ടറേറ്റിൽ നിന്നും നിർബന്ധപൂർവ്വം സ്ഥലംമാറ്റി നിയമിക്കുന്നതാണ്.
2. മാതൃജില്ലയിൽ 5 വർഷം പൂർത്തീകരിച്ചുകഴിഞ്ഞ അദ്ധ്യാപകൻ/ അദ്ധ്യാപികയ്ക്ക് തന്റെ മാതൃജില്ല ഒഴിച്ച് മറ്റ് 13 ജില്ലകളിലേക്കും സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്.
3. അദ്ധ്യാപകൻ/അദ്ധ്യാപിക നിലവിൽ സേവനമനുഷ്ഠിക്കുന്ന ജില്ല സ്ഥലം മാറ്റത്തിന് അപേക്ഷിച്ചാൽ error കാണിക്കുന്നതാണ്.
4. അനുകമ്പാർഹ പരിഗണനയിൽ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർ ഓൺലൈൻ മുഖാന്തിരം സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതോടൊപ്പം അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് അപേക്ഷ പ്രിൻസിപ്പാൾ മുഖാന്തിരം

ഈ ഓഫീസിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം അപേക്ഷകൾ സമർപ്പിക്കുമ്പോൾ അദ്ധ്യാപകൻ/അദ്ധ്യാപികയ്ക്കാണ് അസുഖമെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റും അദ്ധ്യാപിക/അദ്ധ്യാപകൻ, ആശ്രയിച്ചു കഴിയുന്ന (dependent) വ്യക്തിക്കാണ് അസുഖമെങ്കിൽ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾകൂടി 30/06/2015 ന് മുമ്പായി അയച്ചുതരേണ്ടതാണ്.

5. ഏതെങ്കിലും അദ്ധ്യാപകൻ/അദ്ധ്യാപികയുടെ നിലവിൽ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളിൽ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ഫോൺമുഖാന്തിരം ബന്ധപ്പെടേണ്ടതാണ്.
6. മാതൃജില്ലയിൽ 3 വർഷം പൂർത്തീകരിക്കുകയും എന്നാൽ 5 വർഷം പൂർത്തീകരിക്കാത്തതുമായ അദ്ധ്യാപകരുടെ ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റം അടുത്ത ഘട്ടത്തിലാണ് നടത്തുന്നത്. ആയതിനാൽ ജില്ലയ്ക്കകത്ത് സ്ഥലംമാറ്റം ആവശ്യമുള്ള ഈ അദ്ധ്യാപകർ ഇപ്പോൾ സ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതില്ല.

പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവ് ഹയർ സെക്കന്ററിയുടെ ഔദ്യോഗിക പോർട്ടലിൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് നിർദ്ദേശങ്ങൾ കൃത്യമായും വായിച്ചു മനസ്സിലാക്കിയതിനു ശേഷം മാത്രമേ അപേക്ഷ പ്രിൻസിപ്പലിനു forward ചെയ്യാൻ പാടുള്ളൂ.

**ഒപ്പ്/-**
**കെ.എൻ.സതീഷ് ഐ.എ.എസ്**
**ഡയറക്ടർ**

**<u>സഹായങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ</u>**

**0471-2325868 (പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.15 മുതൽ 5.15 വരെ മാത്രം)**